# നീര ഉൽപാദനത്തിന് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് നീര ഉൽപാദനത്തിന് അനുമതി നൽകാൻ തീരുമാനം. ചെത്ത്തൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ യൂണിയൻ പ്രതിനിധികളുമായി എക്സൈസ് മന്ത്രി കെ.ബാബു നടത്തിയ ചർച്ചയിലാണ് തീരുമാനം.

കള്ള് ചെത്ത് വ്യവസായത്തെ പൂർണമായും സംരക്ഷിച്ചുകൊണ്ടും കേരകർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലുമാണ് നീര ഉൽപാദനം. പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റുകളിൽ വീതം പരിക്ഷണാടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. കള്ളുഷാപ്പുകൾ ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു യൂണിറ്റുകളിൽ നീര പദ്ധതി നടപ്പിലാക്കും.